"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള ബാങ്ക് മുഖേന ആരംഭിച്ചിട്ടുള്ള **Farmer Producers Organisations (FPO)** കൾക്ക് അനുവദിച്ച ധനസഹായത്തിൽ ചെലവാക്കാതെ ബാക്കി നില്ക്കുന്ന തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**227/2026/Co-Op** തീയതി,തിരുവനന്തപുരം, **11-05-2026**

---

പരാമർശം:-
1. സ.ഉ. (സാധാ) നം. **666/2023**/സഹ തീയതി **15/12/2023**
2. സർക്കുലർ നം. **35/2024**/ധന തീയതി **12/06/2024**
3. സ.ഉ. (സാധാ) നം. **64/2025**/സഹ തീയതി **30/01/2025**
4. സ.ഉ. (സാധാ) നം. **109/2025**/സഹ തീയതി **27/02/2025**
5. സഹകരണ സംഘം രജിസ്ട്രാറുടെ **02/03/2026** ലെ പി&എം എ **(1)15135/25** നം. കത്ത്.

**ഉത്തരവ്**

**2023-24** ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള ബാങ്ക് മുഖേന **100 Farmer Producers Organisations (FPO)** ആരംഭിക്കുന്നതിനായി **10.00** കോടി രൂപ അധികമായി അനുവദിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും ആയതിലേക്കായി **10.00** കോടി രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം **(1)** പ്രകാരം നല്കുകയുണ്ടായി. തുടർന്ന്, നിലവിൽ പ്രവർത്തനസജ്ജമായതും കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ **36 FPO** കൾക്ക് **360** ലക്ഷം രൂപ **one time assistance** ആയി അനുവദിക്കുന്നതിനും, **108** ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിക്കുന്നതിനും സൂചന **(3)** പ്രകാരം ഭരണാനുമതി നൽകുകയും സൂചന **(4)** പ്രകാരം ടി തുക റിലീസ് ചെയ്യുന്നതിനും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(2) സൂചന (4) പ്രകാരം അനുവദിച്ച 108 ലക്ഷം രൂപയിൽ നിന്നും യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള 21 FPO കൾക്ക് 63.00 ലക്ഷം രൂപ പിൻവലിച്ച് നൽകിയിട്ടുള്ളതായും 108.00 ലക്ഷം രൂപയിൽ ചെലവാക്കാതെ ബാക്കി നില്ക്കുന്ന 45.00 ലക്ഷം രൂപ രണ്ടാം ഗഡുവിനുള്ള അർഹതാമാനദണ്ഡങ്ങൾ പാലിക്കുന്ന FPO കൾക്ക് അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (5) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. FPO സ്ഥാപിക്കുന്നതിനായുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുള്ള 36 FPO കളെ കണ്ടെത്തുകയും, ആദ്യ ഗഡു നൽകുന്നതിനായി അനുവദിച്ച 108 ലക്ഷം രൂപയിൽ 63 ലക്ഷം രൂപ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളതായും പരാമർശം (5) പ്രകാരം സഹകരണസംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്യുകയും ടി തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്ത സാഹചര്യത്തിലും, അർഹതാ മാനദണ്ഡങ്ങൾ പാലിച്ച് മുന്നോട്ടു വരുന്ന FPO കൾക്ക് ഇനിയും ആദ്യ ഗഡു നൽകേണ്ടതായിട്ടുള്ളതിനാലും, കൂടാതെ രണ്ടാം ഗഡുവിന് അർഹത നേടിയവർക്ക് കാലതാമസം കൂടാതെ രണ്ടാം ഗഡുവും നൽകേണ്ടതുണ്ട് എന്നത് പരിഗണിച്ചും ചെലവാക്കാതെ ബാക്കിയുള്ള 45 ലക്ഷം രൂപ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള FPO കൾക്ക് രണ്ടാം ഗഡുവായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) പരാമർശം (4) പ്രകാരം ഗ്രാന്റായി അനുവദിച്ച 108 ലക്ഷം രൂപയിൽ, 45 ലക്ഷം രൂപ വിനിയോഗിക്കാതെ ഒരു വർഷം സൂക്ഷിച്ചതിന് 18% നിരക്കിൽ പലിശ ട്രഷറിയിൽ അടവാക്കുന്നതിനു സഹകരണ സംഘം രജിസ്ട്രാർ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും നടപടി വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കൂടാതെ, പരാമർശം (2) സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പ്രസ്തുത തുക , ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും, 2026-27 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹസീന പി. എസ്
ജോയിന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/42/2024/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/9/2026/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 11-05-2026 16:41:42

സെക്ഷൻ ഓഫീസർ

പകർപ്പ്:- സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.